# കർക്കിടകവാവ് ബലിദർപ്പണം 2017

## പത്രക്കുറിപ്പ്

ചരിത്ര പ്രസിദ്ധമായ ആലുവ ശിവക്ഷേത്രത്തിൽ കർക്കിടകവാവ് ബലിദർപ്പണം സംബന്ധിച്ച് സുഗമമായ നടത്തിപ്പിന് വേണ്ടി വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ എ.വി.ജോർജ്ജ് IPS , ആലുവ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ വി.കെ.സനിൽകുമാർ, എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ പോലീസ് സംഘത്തെയാണ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളത്, കൂടാതെ പോക്കറ്റടിക്കാരെയും , പിടിച്ചുപറിക്കാരേയും മറ്റും നിരീക്ഷിക്കുന്നതിനായി മഫ്തി പോലീസ് ഉൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, നിരീക്ഷണ ക്യാമറകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. ആത്യവശ്യഘട്ടങ്ങളിൽ രോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തയിട്ടുള്ളതുമാണ്. കൂടാതെ ആംബുലൻസ് സർവ്വീസും ലഭ്യമാണ് .

## ഗതാഗത നിയന്ത്രണം

ആലുവ മണപ്പുറത്ത് കർക്കിടക വാവ് ബലി ഡ്യൂട്ടിയോട് അനുബന്ധിച്ച് 23.7.17 തീയതി വെളുപ്പിന് 03.30 മണി മുതൽ ഉച്ചക്ക് 12.00 മണി വരെ താഴെ പറയുന്ന വിധത്തിൽ ആലുവ ടൗണിൽ ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഇതുമായി സഹകരിക്കുന്നതിന് പൊതുജനങ്ങളോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു .

1) മണപ്പുറത്തേയ്ക്ക് വരുന്ന എല്ലാ വാഹനങ്ങളും സെമിനാരിപ്പടിയിൽ നിന്നുംGCDA റോഡു വഴി ആയുർവ്വേദ ആശുപത്രിയ്ക്ക് മുന്നിലൂടെ മണപ്പുറത്തേയ്ക്ക പോകേണ്ടതാണ്.

2) മണപ്പുറം ഭാഗത്ത് നിന്ന് തിരികെ പോകുന്ന വാഹനങ്ങൾ പറവൂർ കവലവഴി തിരിച്ചു പോകേണ്ടതാണ് ( ONE WAY TRAFFIC ആയിരിക്കും)

3) തോട്ടയ്ക്കാട്ടുക്കര ജംങ്ഷനിൽ നിന്നും മണപ്പുറത്തേയ്ക്ക് യാതൊരുവിധ വാഹന ഗതാഗതവും അനുവദിക്കുന്നതല്ല .

4) പറവൂർ കവല ,തോട്ടകാട്ടുകര Jn കളിൽ റോഡിൻെറ ഇരു സൈഡിലും വാഹനങ്ങൾ പാർപ്പിക്കുവാൻ അനുവദിക്കുന്നതല്ല .

5) എറണാകുളം ഭാഗത്ത് നിന്നും NH വഴി ആലുവ ഭാഗത്തേയ്ക്ക് വരുന്ന പ്രൈവറ്റ് ബസ്സുകൾ പുളിഞ്ചോട് ജംങ്ഷനിൽ നിന്നും , സർവ്വീസ് റോഡിൽ കൂടി മാർക്കറ്റ് വഴി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ എത്തേണ്ടതും ,പ്രൈവറ്റ് സ്റ്റാൻഡിൽ നിന്നും തിരികെ എറണാകുളം ഭാഗത്തേക്കുള്ള പ്രൈവറ്റ് ബസ്സുകൾ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് പടിഞ്ഞാറു നിന്നും ഇടത്തേക്ക് തിരിഞ്ഞ് സർവ്വീസ് റോഡെ പുളിഞ്ചോട് വഴി പോകേണ്ടതാണ്.

6) എറണാകുളം ഭാഗത്ത് നിന്നും വരുന്ന KSRTC ബസ്സുകൾ പുളിഞ്ചോട് നിന്നും വലത്തേക്ക് തിരിഞ്ഞ് കാരോത്ത് കുഴി വഴി THQ ജംഗ്ഷനിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് KSRTC സ്റ്റാൻഡ് കേന്ദ്രീകരിച്ച് സർവ്വീസ് നടത്തേണ്ടതുമാണ്. . KSRTC സ്റ്റാൻഡിൽ നിന്നും എറണാകുളം ഭാഗത്തേക്കുള്ള ബസ്സുകൾ സ്റ്റാൻഡിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് കാരോത്ത്കുഴി വഴി പോകേണ്ടതാണ്.

7) പെരുമ്പാവൂർ ഭാഗത്ത് നിന്നും വരുന്ന KSRTC ബസ്സുകൾ , പമ്പ് ജംങ്ഷനിൽ നിന്നും വലത്തേക്ക് തിരിഞ്ഞ് ആലുവ മഹാത്മഗാന്ധി ടൗൺ ഹാളിന് മുൻവശമുള്ള താൽക്കാലിക സ്റ്റാൻഡിൽ എത്തി , അവിടെ നിന്നും തിരികെ സർവ്വീസ് നടത്തേണ്ടതാണ്. ബാക്കി വരുന്ന ബസ്സുകൾ പതിവു പോലെ മാതാ തീയറ്റർ ജംഗ്ഷനിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് സീനത്ത് Jn കറങ്ങി , ഓൾഡ് സ്റ്റാൻഡ് വഴി KSRTC സ്റ്റാൻഡിൽ പ്രവേശിക്കേണ്ടതാണ്. അവിടെനിന്നും തിരികെ പെരുംമ്പാവൂർ ,കോതമംഗലം ഭാഗത്തേക്ക് പോകേണ്ട KSRTC ബസ്സുകൾ KSRTC സ്റ്റാൻഡിൽ നിന്നും വലത്തേക്ക് തിരിഞ്ഞ് നേരെ പമ്പ് ജംഗ്ഷനിൽ നിന്നും ആളെ എടുത്ത് പെരുംമ്പാവൂർ ഭാഗത്തേക്ക് പോകേണ്ടതാണ്..

8) പെരുമ്പാവൂർ ഭാഗത്ത് നിന്നും വരുന്ന പ്രൈവറ്റ് ബസ്സുകൾ , പോലീസ് സ്റ്റേഷൻ വഴി സീനത്ത്, ഓൾഡ് സ്റ്റാൻഡ്, റെയിൽവെ സ്റ്റേഷൻ ,കാരോത്തുകുഴി Jn മാർക്കറ്റ് റോഡ് വഴി സ്റ്റാൻഡിൽ പ്രവേശിക്കേണ്ടതും അവിടെനിന്നും തിരികെ പെരുമ്പാവൂർ ഭാഗത്തേക്കുള്ള ബസ്സുകൾ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് പടിഞ്ഞാറു നിന്നും ഇടത്തേക്ക് തിരിഞ്ഞ്

സർവ്വീസ് റോഡെ പുളിഞ്ചോട് ജംഗ്ഷനിൽ എത്തി കാരോത്തുകുഴി വഴി ഗവൺമെൻറ് ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് പമ്പ് കവല, മാതാ തിയേറ്റർ വഴി സീനത്ത് ജംഗഷനിൽ എത്തി പോലീസ് സ്റ്റേഷൻ റോഡിലൂടെ പവ്വർ ഹൗസ് ജംങ്ഷനിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് സർവ്വീസ് നടത്തേണ്ടതാണ്. ( **മാർക്കറ്റ് റോഡിലൂടെ പ്രൈവറ്റ് സ്റ്റാൻഡിലേക്ക് One Way ആയിരിക്കും** )

9) ബാങ്ക് കവല മുതൽ **MG** ടൗൺഹാൾ റോഡ് വരെ സ്വകാര്യവാഹനങ്ങൾ ഉൾപ്പെടെ യാതൊരുവിധ വാഹന ഗതാഗതവും അനുവദിക്കുന്നതല്ല.

10) ഹൈവെകളിലും , പ്രാന്തപ്രദേശങ്ങളിലും , ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി റോഡ് സൈഡിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല.

11) രാവിലെ 6.30 മുതൽ 9 മണി വരെ- പറവൂർ ഭാഗത്തു നിന്നും എറണാകുളത്തേക്ക് വരുന്ന വാഹനങ്ങൾ യു.സി കോളേജ് ജംഗ്ഷനിൽ നിന്നും വലതുവശത്തേക്ക് തിരിഞ്ഞ് കണിയാംകുന്ന്, കിഴക്കേ കടുങ്ങല്ലൂർ, മുപ്പത്തടം, പാതാളം, കണ്ടെയ്നർ റോഡ് വഴി പോകേണ്ടതാണ്.

12) രാവിലെ 6.30 മുതൽ 9 മണി വരെ –ആലുവ ടൗണിൽ നിന്നും ബൈപാസ് ജംഗ്ഷൻ ക്രോസ്സ് ചെയ്യേണ്ട വാഹനങ്ങൾ ബൈപാസിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് പുതിയതായി പണികഴിപ്പിച്ചിട്ടുള്ള സർവ്വീസ് റോഡ് വഴി മാർക്കറ്റ് ഭാഗത്ത് ഫ്ലൈഓവറിനു അടിയിലൂടെ എറണാകുളം ഭാഗത്തേക്ക് സർവ്വീസ് റോഡ് വഴിയും, അങ്കമാലി – പറവൂർ ഭാഗത്തേക്ക് Uടേൺ ചെയ്തും പോകേണ്ടതാണ്.

# സുരക്ഷാ ക്രമീകരണങ്ങൾ

1) മണപ്പുറത്തുള്ള അമ്പലത്തിൽ നിന്നും , 50 മീറ്റർ ചുറ്റളവിൽ യാതൊരുവിധ വഴിയോരകച്ചവടങ്ങളും അനുവദിക്കുന്നതല്ല.

2) കുളിക്കടവിലും , പുഴയിലും , ലൈഫ് ബാഗ് ഉൾപ്പെടെയുള്ള , ബോട്ടുകൾ പട്രോളിംങ് നടത്തുന്നതാണ് .

3) ആവശ്യത്തിനുള്ള ആംബുലൻസ് സർവ്വീസ് , മെഡിക്കൽ ഓഫീസേഴ്സിൻെറ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതാണ്.

4) റൗഡികളുടെയും , ഗുണ്ടകളുടെയും പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനായി, ടിയാൻമാരെ നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്.

5) ആലുവ റെയിൽവെ സ്റ്റേഷനിലെ തിരക്ക് നിയന്ത്രിക്കുന്നതിന് , പ്രത്യേകമായി പോലീസ് പാർട്ടിയെ വിന്യസിക്കുന്നതാണ്.

6) പ്രധാനപ്പെട്ട ജംങ്ഷനുകളിലും , തിരക്കുള്ള സ്ഥലങ്ങളിലും , സാമൂഹ്യവിരുദ്ധരെ നിരീക്ഷിക്കുന്നതിനായി സംവിധാനങ്ങൾ എർപ്പെടുത്തിയിട്ടുള്ളതാണ്

7) ആലുവ പാലസിന് സമീപമുള്ള കൊട്ടാരം കടവിൽ നിന്നും, മണപ്പുറത്തേയ്ക്ക് പോകുന്നതിന് പാലം നിർമ്മിച്ചിട്ടുള്ളതിനാൽ കടത്തു വഞ്ചിയിലൂടെയുള്ള ഗതാഗതം അനുവദിക്കുന്നതല്ല.

.